**കേരള സർക്കാർ**

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിതനായ ശ്രീ.പി.ഐ.ഷെയ്ക്ക് പരീത് (റിട്ടയേർഡ് ഐ.എ.എസ്) ന്റെ നിയമന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

**സ.ഉ.(കൈ)നം.20/2021/മ.തു.വ.** തീയതി, തിരുവനന്തപുരം **28/10/2021**

---

പരാമർശം :- 1) 21/08/2018-ലെ സ.ഉ(കൈ)നം.30/2018/മ.തു.വ

2) 24/08/2019-ലെ സ.ഉ(കൈ)നം.30/2019/മ.തു.വ

3) 11/11/2020-ലെ സ.ഉ(കൈ)നം.20/2020/മതുവ

4) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 16/06/2021 തീയതിയിലെ 2982/ഡി/2018/കെ.എസ്.സി.എ.ഡി.സി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ശ്രീ.പി.ഐ.ഷെക്ക് പരീത്(റിട്ടയേർഡ് ഐ.എ.എസ്)നെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (2) (3) ഉത്തരവുകൾ പ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2) പരാമർശം (4) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.പി.ഐ.ഷെക്ക് പരീത് (റിട്ടയേർഡ് ഐ.എ.എസ്)ന്റെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിലെ പുനർ നിയമന കാലാവധി 23/08/2021 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടിങ്കു ബിസ്വാൾ**

**സെക്രട്ടറി.**

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, തിരുവനന്തപുരം

ശ്രീ.പി.ഐ.ഷെക്ക് പരീത് (റിട്ടയേർഡ് ഐ.എ,എസ്), മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, തിരുവനന്തപുരം

പൊതുഭരണ എസ് സി വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ആഡിറ്റ്) കേരളം തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത്)

കരുതൽ ശേഖരം, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

R Chachi

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-10-2021

ഫയൽ നം. എ1/179/2021/മതുവ.

ഇനം നം: 345

വിഷയം : മത്സ്യബന്ധന തുറമുഖ വകുപ്പ് - ശ്രീ. ഷേക്ക് പരീത് ഐ.എ.എസ്. (റിട്ട.)-ന്റെ തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിലെ പുനർ നിയമന കാലാവധി ദീർഘിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

(!)

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | എ 1/179/2021/മതുവ |
| 2. വകുപ്പ് | മത്സ്യബന്ധന തുറമുഖ (എ) വകുപ്പ് |
| 3. വിഷയം | ശ്രീ.ഷേക്ക് പരീത് ഐ.എ.എസ്(റിട്ട) -ന്റെ തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിലെ പുനർ നിയമന കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28/08/2021 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെ ങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി അജിത ബി |
| 8.കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/10/2021 |
| 10 കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/10/2021 |
| 12 കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.സജി ചെറിയാൻ |
| 13.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/10/2021 |
| 14 കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26/10/2021 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.പി.ഐ.ഷേക്ക് പരീത് ഐ.എ.എസ് (റിട്ടയേർഡ്) -ന്റെ നിയമന കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ചാണ് കുറിപ്പ്.

(2) 21/08/2018-ലെ സ.ഉ(കൈ)നം.30/2018/മത്സ്യ പ്രകാരം ശ്രീ.പി.ഐ.ഷേക്ക് പരീത് ഐ.എ.എസ് (റിട്ടയേർഡ്) നെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ നിയമിച്ചു. ശ്രീ.പി.ഐ.ഷേക്ക് പരീത് ഐഎഎസ്-ന്റെ പുനർനിയമന കാലാവധി 24.08.2019- ലെ സ.ഉ. (കൈ) നം.30/2019/മ.ത്സ്യ.വ, 11/11/2020-ലെ സ.ഉ.(കൈ)നം.20/2020/മ.ത്സ്യ.വ എന്നീ ഉത്തരവുകൾ പ്രകാരം രണ്ട് പ്രാവശ്യം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധി 22/08/2021 ൽ അവസാനിച്ചു.

(3) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ നടന്നു വരുന്ന പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ പൂർത്തീകരണത്തിനായി ശ്രീ . പി . ഐ . ഷെയ്ക്ക് പരീത് ഐ.എ.എസ് (റിട്ടയേർഡ്) ന്റെ നിയമന കാലാവധി 23/08/2021 മുതൽ മൂന്ന് വർഷത്തേക്ക് കൂടി

ദീർഘിപ്പിച്ച് നൽകണമെന്ന് കേരളസംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അഭ്യർത്ഥിച്ചിരിക്കുന്നു.

(4) ഇത് സംബന്ധിച്ച് വിജിലൻസ് വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്നു.

"ശ്രീ.പി.ഐ.ഷേക്ക് പരീതിനെതിരെ വിജിലൻസ് കേസ്/വിജിലൻസ് അന്വേഷണം/ സത്വരാന്വേഷണം/ രഹസ്യാന്വേഷണം എന്നിവയൊന്നും നിലവിലില്ല. എന്നാൽ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ സത്വരാന്വേഷണത്തിന്റെ (QV19/15/SIU-1) റിപ്പോർട്ടിൽ ടൂറിസം വകുപ്പ് മുൻ ഡയറക്ടർ ആയിരുന്ന ഇദ്ദേഹത്തിൽ നിന്നും, മറ്റൊരു കുറ്റാരോപിതയിൽ നിന്നുമായി മൂന്ന് ലക്ഷം രൂപ തിരികെ പിടിക്കാൻ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ സർക്കാർ അംഗീകരിക്കുകയും തുടർ നടപടികൾക്കായി 26.05.2016-ലെ 5683/E2/16/vig നമ്പർ കത്ത് പ്രകാരം ടൂറിസം വകുപ്പിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. നടപടി വിവരങ്ങൾ ടൂറിസം വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല." .

(5) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്നു.

"കെ.എസ്.ആർ ഭാഗം III ചട്ടം 92 പ്രകാരം പെൻഷൻ നൽകിയതിന്മേൽ അല്ലെങ്കിൽ ഗ്രാറ്റുവിറ്റി നൽകിയതിന്മേൽ ഡിസ്ചാർജ്

ചെയ്യപ്പെട്ട യാതൊരു ആളിനും, സർക്കാരിന്റെ അനുമതിയില്ലാതെ, താത്കാലികമായിട്ടോ, സ്ഥിരമായിട്ടോ പുനർനിയമനം നൽകുവാൻ പാടില്ലാത്തതാകുന്നു. കെ.എസ്.ആർ ഭാഗം III ചട്ടം 99 പ്രകാരം അധിവർഷ പെൻഷനോ സർവ്വീസിൽ നിന്നും വിരമിച്ചതിനുമേലുള്ള പെൻഷനോ വാങ്ങുന്ന ഒരു ജീവനക്കാരനെ, പൊതു താല്പര്യത്തിലൊഴികെ, ജനറൽ റവന്യൂവിൽ നിന്നോ ഒരു ലോക്കൽ ഫണ്ടിൽ നിന്നോ ശമ്പളം നൽകുന്ന ഒരു സർവ്വീസിൽ പുനർനിയമനം നേടുവാനോ ആ സർവ്വീസിൽ തുടരുവാനോ അനുവദിക്കാൻ പാടില്ലാത്തതാകുന്നു. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് രണ്ടാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിന്മേൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത ചട്ടം ഇനം 45-ൽ സർക്കാർ ജീവനക്കാരുടെ പുനർനിയമനം ഉൾപ്പെടുന്നു. ആയതിനാൽ മേൽ ചട്ടങ്ങളുടെ വെളിച്ചത്തിൽ 30.10.2020-ലെ സർക്കുലർ നം.64/2020/ധന, 14.10.2020-ലെ സർക്കുലർ നം. 530/SC1/2020/GA(SC) എന്നീ സർക്കുലറുകളിലേയ്ക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് മന്ത്രിസഭയുടെ അനുമതിയോടെ ശ്രീ.പി.ഐ.ഷെയ്ക്ക് പരീത് ഐഎഎസ് (റിട്ട)ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി നൽകിയ

പുനർനിയമനം 22/08/2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

ഇതിന് ബഹു.ധനകാര്യമന്ത്രിയുടെ അംഗീകാരമുണ്ട്. ''

(6) വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ QV19/15/SIU-1 റിപ്പോർട്ടിന്മേലുള്ള തൽസ്ഥിതി റിപ്പോർട്ട് ടൂറിസം വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയത് ഇപ്രകാരം ആകുന്നു.

"വിനോദ സഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്നതിനാൽ സർക്കാരിന്റെ അനുമതിയില്ലാതെ തൃശ്ശൂർ ജില്ലയിലെ അഴീക്കോട് മുസിരിസ് ബീച്ച് ഫെസ്റ്റിവലിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സംഘടിപ്പിച്ച "അഡ്വഞ്ചർ കാർണിവൽ"-ന് 3 ലക്ഷം രൂപ അനുവദിച്ച മുൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശ്രീ.പി.ഐ.ഷേഖ് പരീതിന്റെ നടപടി ഗുരുതര വീഴ്ചയായി കണക്കാക്കേണ്ടതില്ലെന്നും, സൊസൈറ്റി ടി തുക കൃത്യമായി ചെലവഴിച്ചതായി ആഡിറ്റർ റിപ്പോർട്ട് തന്നിട്ടുള്ളതിനാലും, മുൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശ്രീ.പി.ഐ ഷേഖ് പരിതിൽ നിന്നും ടി തുക തിരിച്ച് പിടിക്കേണ്ടതായി കാണുന്നില്ല എന്ന് വിനോദസഞ്ചാര വകുപ്പ് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിൽ വിജിലൻസ് വകുപ്പിന്റെ

അംഗീകാരം കൂടി വാങ്ങിയശേഷം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്ന വിവരം ടി വകുപ്പിനെ അറിയിക്കാവുന്നതാണ്. "

(7) ശ്രീ.പി .ഐ .ഷെയ്ക്ക് പരീത് ഐ.എ.എസ് (റിട്ടയേർഡ്) ന്റെ പുനർനിയമന വ്യവസ്ഥ പ്രകാരമുളള നിയമന കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നല്കുന്നതിനായുളള ഫയൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ടിയാന്റെ പുനർനിയമന കാലാവധി 23/08/2021-മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുവാൻ ബഹു.മുഖ്യമന്ത്രി അംഗീകാരം നൽകിയിട്ടുണ്ട്.

(8) റൂൾസ് ഓഫ് ബിസിനസ് പ്രകാരം പുനർനിയമന കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടത് ബഹു.മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നതിനാൽ ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ബഹു.മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സമർപ്പിക്കാൻ ബഹു.മത്സ്യബന്ധനവകുപ്പ് മന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

കേരളസംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.പി.ഐ.ഷേക്ക് പരീത് ഐ.എ.എസ് (റിട്ടയേർഡ്)-ന്റെ നിയമന കാലാവധി 23/08/2021 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ചു നല്കാമോ?